**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 764** **11-06-2024 - ൽ മറുപടിയ്ക്ക്**

**ജലയാനങ്ങളിലെ ലൈസൻസ് റീ വാലിഡേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | തുറമുഖ വകുപ്പ് മുഖേന വിതരണം ചെയ്തിരുന്ന ജലയാനങ്ങളുടെ ലൈസൻസ്, റീ വാലിഡേറ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് അമിത ഫീസ് വാങ്ങുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | നിലവിൽ ലൈസൻസുള്ളവരും സർക്കാർ സർവ്വീസിൽ ജോലി ചെയ്യുന്നവരുമായ ബോട്ട് സ്രാങ്ക്, ബോട്ട് ഡ്രൈവർ, ലാസ്കർ എന്നിവരുടെ ലൈസൻസ് റീവാലിഡേറ്റ് ചെയ്യുന്നതിന് കോഴ്സിന്റെ ദൈർഘ്യം കുറച്ച് സൗജന്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | കേന്ദ്ര നിയമമായ ഉൾനാടൻ ജലഗതാഗത നിയമം - 2021 (Inland Vessels Act 2021) ന് കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള IV Manning Rules 2022 പ്രകാരം വിവിധ തരത്തിലുള്ള കോഴ്സുകൾ രൂപീകരിച്ചിരിക്കുന്നത് Inland Waterways Authority of India (IWAI) യും ഇന്ത്യൻ മാരിടൈം യൂണിവേഴ്സിറ്റിയും (IMU) സംയുക്തമാ യാണ്. IMU രൂപകല്പന ചെയ്ത ട്രെയ്നിംഗ് മാനുവൽ പ്രകാരമുള്ള വിവിധതരം കോഴ്സുകളാണ് കേരള മാരിടൈം അക്കാഡമി കൊടുങ്ങല്ലൂരിലും നീണ്ടകര യിലും ആരംഭിച്ചിട്ടുള്ളത്. സർട്ടിഫിക്കറ്റ് ഓഫ് കോമ്പിറ്റൻസികൾക്ക് നിയമാനുസൃതമായ കാലാവധി അഞ്ച് വർഷമാണ്. നിലവിലുള്ള സർട്ടിഫിക്കറ്റുകൾ അഞ്ചുവർഷം കഴിയുമ്പോൾ പുതുക്കി നൽകുന്നതിന് വേണ്ടിയാണ് റീവാലിഡേഷൻ കോഴ്സ് ആരംഭിച്ചിട്ടു ള്ളത്. ഐ.വി റൂൾ (Inland Vessel Rule 2022) പ്രകാരമുള്ള കോഴ്സുകളും സർവ്വേകളും ഇന്ത്യയിൽ ആകമാനം ഏകീകരിക്കുന്നതിനു വേണ്ടിയാണ് ഇത്തരത്തിലുള്ള ഒരു നിയമം കേന്ദ്ര ഗവൺമെന്റ് നടപ്പിൽ വരുത്തിയത്. താഴ്ന്ന ഗ്രേഡിൽ നിന്നും ഉയർന്ന ഗ്രേഡിലേക്ക് എത്തുന്നതിന് വേണ്ടിയാണ് പ്രാരംഭ കോഴ്സുകൾ (preparatory course) ആരംഭിച്ചിട്ടു ള്ളത്. General Purpose Rating (GP Rating) പോലെയുള്ള റസിഡൻഷ്യൽ കോഴ്സുകൾ ഉൾപ്പെടെ എല്ലാ കോഴ്സുകളുടെയും ഫീസ് കേരള മാരിടൈം ബോർഡിന്റെ യോഗത്തിൽ അംഗീകരിച്ചിരുന്നു. IWAI യുടെ ട്രെയിനിങ് മാനുവൽ കേന്ദ്ര നിയമപ്രകാരം രൂപകൽപ്പന ചെയ്തിട്ടുള്ളതായതിനാൽ ഒരു പ്രത്യേക വിഭാഗത്തിന് |

| | | | |
|---|---|---|---|
| | | | കോഴ്സകളിൽ ഇളവ് നൽകുവാൻ സാധ്യമല്ല. കോഴ്സകളുടെ ദൈർഘ്യം കുറയ്ക്കാൻ നിയമപരമായി കേരള മാരിടൈം ബോർഡിനോ കേരള സർക്കാരിനോ കഴിയില്ല. തിയറി ക്ലാസ്സുകളും ഫയർ ഫൈറ്റിംഗ് (fire fighting), നീന്തൽ (swimming) തുടങ്ങിയ പ്രായോഗിക പരിശീലനങ്ങളും ഉൾപ്പെടുന്ന പരിശീലന പരിപാടിയാണ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നടത്തുന്നത്. യഥാർത്ഥ ചെലവുകൾ കണക്കിലെടുത്താണ് ഫീസ് നിശ്ചയിച്ചിട്ടുള്ളത്. നിലവിലുള്ള നിയമപ്രകാരം ലൈസൻസ് നേടിയവരെ ഇത്തരത്തിൽ നിർബന്ധിത പരിശീലന കോഴ്സകളിൽനിന്നും ഒഴിവാക്കണമെന്ന് കേരളാ മാരിടൈം ബോർഡ് കേന്ദ്ര ഉൾനാടൻ ജലഗതാഗത അതോറിറ്റിയോടും കേന്ദ്ര തുറമുഖ ഷിപ്പിംഗ് മന്ത്രാലയത്തോടും അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ലൈസൻസുള്ളവർക്ക് പുതിയ നിയമപ്രകാരമുള്ള ലൈസൻസിലേക്ക് മാറുവാൻ സമയം ദീർഘിപ്പിച്ച് നല്കണമെന്നുള്ള ആവശ്യം പരിഗണിക്കാമെന്ന് കേന്ദ്ര ഉൾനാടൻ ജലഗതാഗത അതോറിറ്റി അറിയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ലൈസൻസുള്ളവർക്ക് പുതിയ നിയമപ്രകാരമുള്ള ലൈസൻസിലേക്ക് മാറുവാൻ ഒരു വർഷം കൂടി സമയം കേരളാ മാരിടൈം ബോർഡ് ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. കൂടാതെ ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ നിലവിലുള്ള ഒരു കേസിൽ നിലവിലുള്ള ലൈസൻസ് ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നത് വരെ വാലിഡ് ആയിരിക്കുമെന്ന് ഉത്തരവും പുറപ്പെടുവിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ